# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1283

07.06.2018-ൽ മറുപടിയ്ക്ക്

## ഏറ്റുമാന്നൂർ-എറണാകുളം റോഡിലെ അപകടകരമായ വളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഏറ്റുമാന്നൂർ-എറണാകുളം റോഡിലെ അപകടകരമായ വളവ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ കൂടി ഉൾപ്പെട്ടിരുന്നോ എന്ന വിഷയം സർക്കാരിൽ നിന്ന് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) 16.03.2018-ലെ ജി1/131/2018/പൊ.മ.വ. നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിരുന്നു. |
| (ബി) പ്രസ്തുത സർക്കാർ ഉത്തരവിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെട്ടിരുന്നില്ലെങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റും ബജറ്റ് വിവരവും കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിക്കാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ; | (ബി) സർക്കാർ ഉത്തരവിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നത് രണ്ട് വില്ലേജുകളിലായി ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിനിയോഗിക്കാനായി മാറ്റി വച്ചിട്ടുണ്ട്. എന്നാൽ പിന്നീട് വന്ന ബഡ്ജറ്റുകളിൽ ടി പദ്ധതികൾക്ക് തുക വകയിരുത്താതു കൊണ്ടും, നെഗ്യോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയതു കൊണ്ടുമാണ് പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത് |
| (സി) ഈ വിഷയവുമായി ബന്ധപ്പെട്ട് 16/3/2018-ൽ ഫയൽ നമ്പർ പി.ഡബ്ള്യു.ഡി/G1/131/2018 പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ കത്തിന് ചീഫ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മനപ്പൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ; എത്രയും വേഗം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) മനഃപ്പൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ